# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂലൈ 18**

---

## എം.ജി സർവകലാശാല ഏഷ്യയിലെ മികച്ച രണ്ടു ശതമാനം സർവകലാശാലകളുടെ പട്ടികയിൽ

സ്റ്റഡി എബ്രോഡ് എയ്ഡിന്റെ ഏഷ്യൻ റാങ്കിംഗിൽ ഏറ്റവും മികച്ച രണ്ടു ശതമാനം സർവകലാശാലകളുടെ പട്ടികയിൽ മഹാത്മാ ഗാന്ധി സർവകലാശാല ഇടംനേടി. വിദേശ വിദ്യാർഥികൾക്ക് പഠിക്കുന്നതിന് അനുയോജ്യമായ ഏഷ്യൻ സർവകലാശാലകളുടെ ഈ പട്ടിക തയ്യാറാക്കുന്നതിന് അക്കാദമിക നിലവാരം, കുറഞ്ഞ പഠന ച്ചിലവ് എന്നിവയാണ് പ്രധാനമായും കണക്കിലെടുത്തത്.

എം.ജി സർവകലാശാലയ്ക്കു പുറമെ മുംബൈയിലെ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ചും മൈസുരുവിലെ ജെ.എസ്.എസ് അക്കാദമി ഓഫ് ഹയർ എജ്യുക്കേഷൻ ആന്റ് റിസർച്ചും മാത്രമാണ് ഇന്ത്യയിൽനിന്നും ആദ്യ രണ്ടു ശതമാനം ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ പട്ടികയിലുള്ളത്. ഏഷ്യയിലെ 20 രാജ്യങ്ങളിലെ 3349 ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളെയാണ് റാങ്കിംഗിനായി പരിഗണിച്ചത്.
(പി.ആർ.ഒ/39/614/2024)

## പ്രഫ. സാബു തോമസിന് മോഡേൺ പ്ലാസ്റ്റിക്സ് അവാർഡ്

പ്ലാസ്റ്റിക് വ്യവസായ മേഖലയ്ക്ക് നിർണായ സംഭാവനകൾ നൽകിയ വ്യക്തികൾക്കുള്ള മോഡേൺ പ്ലാസ്റ്റിക്സ് പുരസ്കാരം മഹാത്മാ ഗാന്ധി സർവകലാശാലാ മുൻ വൈസ് ചാൻസലറും സർവകലാശാലയിലെ ഇൻററനാഷണൽ ആന്റ് ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ നാനോസയൻസ് ആന്റ് നാനോടെക്നോളജി ഡയറക്ടറുമായ ഡോ. സാബു തോമസിന് സമ്മാനിച്ചു.

മുംബൈയിൽ നടന്ന ചടങ്ങിൽ ശാസ്ത്ര വ്യാവസായിക ഗവേഷണ കൗൺസിൽ മുൻ ഡയറക്ടർ ജനറൽ ഡോ. ആർ.എ. മഷേൽക്കറിൽനിന്നും അദ്ദേഹം ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം ഏറ്റുവാങ്ങി. നാനോസയൻസ്, പോളിമെർ സയൻസ്, എൻജിനീയറിംഗ് മേഖലകളിൽ രാജ്യാന്തര തലത്തിൽ അറിയപ്പെടുന്ന വിദഗ്ധനായ പ്രഫ. സാബു തോമസ് ട്രിവാൻഡ്രം എൻജിനീയറിംഗ് സയൻസ് ആൻറ് ടെക്നോളജി റിസർച്ച് പാർക്കിൻറെ ചെയർമാനായും പ്രവർത്തിച്ചുവരുന്നു.
(പി.ആർ.ഒ/39/615/2024)

പുതിയ രജിസ്ട്രേഷന് അവസരം

## ബി എഡ് മൂന്നാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു; ക്ലാസ് 22 മുതൽ

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് ടീച്ചേഴ്സ് ട്രെയിനിംഗ് കോളജുകളിലെ ബി എഡ് പ്രോഗ്രാമുകളിൽ ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിൻറെ മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ജൂലൈ 20 വൈകുന്നേരം നാലിനു മുൻപ് കോളജുകളിൽ സ്ഥിര പ്രവേശനം നേടണം.

പട്ടിക ജാതി, പട്ടിക വർഗ വിഭാഗങ്ങളിൽ പെട്ടവർക്ക് പ്രത്യേക അലോട്ട്മെന്റ് വരെ താത്കാലിക പ്രവേശനത്തിൽ തുടരാം. മറ്റു വിഭാഗങ്ങളിലുള്ളവർക്ക് താത്കാലിക പ്രവേശനത്തിന് ക്രമീകരണമില്ല. പ്രവേശനം എടുക്കുന്നവർ തെളിവായി കൺഫർമേഷൻ സ്ലിപ്പ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം.

ഒന്നാം സെമസ്റ്റർ ബി എഡ് പ്രോഗ്രാമുകളുടെ ക്ലാസ്സുകൾ ജൂലൈ 22 ന് ആരംഭിക്കും.22, 23 തീയതികളിൽ പുതിയ രജിസ്ട്രേഷന് സൗകര്യമുണ്ടാകും. ആദ്യ മൂന്ന് അലോട്ട്മെന്റ് പട്ടികകളിൽ ഉൾപ്പെടാത്തവരും അലോട്ട്മെൻറ് ലഭിച്ചശേഷം പ്രവേശനം എടുക്കാത്തവരും ഇതുവരെ അപേക്ഷിക്കാത്തവരും ഉൾപ്പെടെയുള്ള വിദ്യാർഥികൾക്ക് പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിൽപെട്ടവർക്കുള്ള സ്പെഷ്യൽ അലോട്ട്മെന്റ് രജിസ്ട്രേഷനൊപ്പം പുതിയതായി രജിസ്റ്റർ ചെയ്യാം.

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്കും ഇതോടൊപ്പം പുതിയതായി അപേക്ഷിക്കുകയും ഓപ്ഷനുകൾ നൽകുകയും ചെയ്യാം.

(പി.ആർ.ഒ/39/616/2024)

## പി ജി; പ്രത്യേക അലോട്ട്മെന്റിന് രജിസ്റ്റർ ചെയ്യാം

എം.ജി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ബിരുദാനന്തര ബിരുദ പ്രവേശനത്തിന് പട്ടിക ജാതി,പട്ടിക വർഗ വിഭാഗക്കാർക്കായുള്ള പ്രത്യേക അലോട്ട്മെന്റിനായി ജൂലൈ 22,23 തീയതികളിൽ ഓൺലൈൻ രജിസ്ട്രേഷൻ നടത്താം.

ഈ വിഭാഗങ്ങളിൽ പെടാത്തവർക്കും പ്രത്യേക അലോട്ട്മെന്റിന് അപേക്ഷിക്കാം. ആദ്യ മൂന്ന് അലോട്ട്മെന്റ് പട്ടികകളിലും ഉൾപ്പെടാത്തവരും അലോട്ട്മെന്റ് ലഭിച്ചശേഷം പ്രവേശനമെടുക്കാത്തവരും ഇതുവരെ അപേക്ഷിക്കാത്തവരും ഉൾപ്പെടെയുള്ളവർക്ക് പുതിയതായി ഓപ്ഷൻ നൽകുകയും രജിസ്ട്രേഷൻ നടത്തുകയും ചെയ്യാം. ഫോൺ -9495085380,9446043707.
(പി.ആർ.ഒ/39/617/2024)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസിൽ എം.എ ആന്ത്രപ്പോളജി പ്രോഗ്രാമിൽ ജനറൽ വിഭാഗത്തലും എം.എ ഹിസ്റ്ററി പ്രോഗ്രാമിൽ എസ്.സി വിഭാഗത്തിലും ഒന്നു വീതം സീറ്റുകൾ ഒഴിവുണ്ട്. അർഹരായവർ ജൂലൈ 22ന് രാവിലെ 10ന് അസ്സൽ രേഖകളുമായി വകുപ്പ് ഓഫീസിൽ എത്തണം.

ഫോൺ–9995203470.

..........................................

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ജെൻഡർ സ്റ്റഡീസിൽ എംഎ ജൻഡർ സ്റ്റഡീസ് പ്രോഗ്രാമിൽ സ്റ്റേറ്റ് മെറിറ്റ്-നാല്, ഒ.ഇ.സി-മൂന്ന് എന്നിങ്ങനെ സീറ്റുകൾ ഒഴിവുണ്ട്. അർഹരായവർ ജൂലൈ 20നു മുൻപ് അസ്സൽ രേഖകളുമായി വകുപ്പ് ഓഫീസിൽ എത്തണം. ഒ.ഇ.സി വിഭാഗത്തിൽപെട്ട വിദ്യാർഥികൾ ഹജരാകാത്തപക്ഷം എസ്ഇബിസി വിഭാഗത്തിൽപെവരെ പരിഗണിക്കും.
(പി.ആർ.ഒ/39/618/2024)

## പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ എംഎസ്സി മാത്ത്മാറ്റിക്സ് പിജിസിഎസ്എസ് ( 2017, 2018 അഡ്മിഷനുകൾ സപ്ലിമെന്ററി, 2014, 2015, 2016 അഡ്മിഷനുകൾ മെഴ്സി ചാൻസ് ഓഗസ്റ്റ് 2023) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂലൈ 30 വരെ ഓൺലൈനിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/619/2024)

## പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ബിഎസ്സി ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ മെയിൻനൻസ് ആന്റ് ഇലക്ട്രോണിക്സ് സിബിസിഎസ്എസ് (2009 മുതൽ 2012 വരെ അഡ്മിഷനുകൾ ഇംപ്രൂവ്മെന്റ്, മെഴ്സി ചാൻസ് ഒക്ടോബർ 2022 ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ ആറിന് ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജിൽ നടക്കും. ടൈം ടേബിൾ വൈബ് സൈറ്റിൽ.

..........................................

നാലാം സെമസ്റ്റർ ബിഎസ്സി ഇലക്ട്രോണിക്സ് മോഡൽ 3, കമ്പ്യൂട്ടർ മെയിന്റനൻസ് ആന്റ് ഇലക്ട്രോണിക്സ് മോഡൽ 3 സിബിസിഎസ് (പുതിയ സ്കീം 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 29 മുതൽ നടക്കും. ടൈം ടേബിൾ വൈബ് സൈറ്റിൽ.
(പി.ആർ.ഒ/39/620/2024)

## വൈവ വോസി

നാലാം സെമസ്റ്റർ എംഎസ്സി കമ്പ്യൂട്ടർ സയൻസ്, എംഎസ്സി ഇൻഫർമേഷൻ ടെക്നോളജി (2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് സിഎസ്എസ് ഏപ്രിൽ 2024 ) പരീക്ഷയുടെ പ്രോജക്റ്റ് ആന്റ് കോംപ്രിഹെൻസീവ് വൈവ വോസി പരീക്ഷകൾ ജൂലൈ 22, 23 തീയതികളിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

....................

നാലാം സെമസ്റ്റർ എം.എസ്സി ബയോകെമിസ്ട്രി സിഎസ്എസ് (2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പ പരീക്ഷയുടെ പ്രോജക്റ്റ്, വൈവ വോസി പരീക്ഷകൾ ജൂലൈ 26 മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/621/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**